കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ആലപ്പുഴ ജില്ല - മാന്നാർ ഗ്രാമപഞ്ചായത്ത് - 1999-2000 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 32 - സാധൂകരണം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (എ.സി) വകുപ്പ്

സ.ഉ (സാധാ)നം.2758/12/തസ്വഭവ. തിരുവനന്തപുരം, തീയതി:01.10.2012

---

പരാമർശം:
1. മാന്നാർ ഗ്രാമപഞ്ചായത്തിന്റെ 5.3.12-ലെ യോഗത്തിലെ V(6) - ാം നമ്പർ തീരുമാനം.
2. ആലപ്പുഴ ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ 27.3.12-ലെ യോഗത്തിന്റെ III(i) - ാം നമ്പർ തീരുമാനം
3. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴയുടെ 27.4.12-ലെ E6-5679/12- ാം നമ്പർ കത്ത്.
4. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 14.8.12-ലെ LF/12786/PT1/812- ാം നമ്പർ കത്ത്.

## ഉത്തരവ്

ആലപ്പുഴ ജില്ലയിലെ മാന്നാർ ഗ്രാമപഞ്ചായത്തിന്റെ 1999-2000 വർഷത്തെ ലോക്കൽ ഫണ്ട് ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 32 പ്രകാരം തടസ്സപ്പെടുത്തിയ മാവേലിക്കര-തിരുവല്ല റോഡിൽ കോയിക്കൽ ജംഗ്ഷൻ മുതൽ പരുമല ചന്തവരെ വൃത്തിയക്കിയതിന് 4600/- രൂപ ചെലവഴിച്ച മാന്നാർ ഗ്രാമപഞ്ചായത്തിന്റെ നടപടിയ്ക്ക് സർക്കാർ സാധൂകരണം നൽകണമെന്ന് പരാമർശം ഒന്നിലെ ഗ്രാമപഞ്ചായത്ത് തീരുമാനത്തിന്റെയും പരാമർശം രണ്ടിലെ ജില്ലാതല ഓഡിറ്റ് മോണിട്ടറിംഗ് സമിതിയുടെ ശുപാർശയുടെയും അടിസ്ഥാനത്തിൽ പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ സർക്കാരിനോട് അപേക്ഷിക്കുകയുണ്ടായി.

2. മാലിന്യ നിർമ്മാർജ്ജനം ഗ്രാമപഞ്ചായത്തിന്റെ അനിവാര്യചുമതല ആയതിനാലും പഞ്ചായത്തിന്റെ തീരുമാനത്തോടെ സദുദ്ദേശപരമായി ചെയ്തിട്ടുള്ളതിനാലും ക്രമക്കേടുകൾ ഒന്നും റിപ്പോർട്ട് ചെയ്തിട്ടില്ലാത്തതിനാലും പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് സാധൂകരണം നൽകാവുന്നതാണെന്ന് പരാമർശം 4 ലെ കത്ത് പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ അറിയിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലയിലെ മാന്നാർ ഗ്രാമപഞ്ചായത്തിന്റെ 1999-2000 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 32 പ്രകാരം തടസ്സപ്പെടുത്തിയ മാവേലിക്കര-തിരവല്ലാ റോഡിൽ കോയിക്കൽ ജംഗ്ഷൻ മുതൽ പരുമല ചന്തവരെ വൃത്തിയാക്കിയതിന് 4600 രൂപ ചെലവഴിച്ച മാന്നാർ ഗ്രാമപഞ്ചായത്തിന്റെ നടപടിക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

പി.ജയശ്രീ,
ഡെപ്യൂട്ടി സെക്രട്ടറി.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ), തിരുവനന്തപുരം.
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.

സെക്രട്ടറി, മാന്നാർ ഗ്രാമപഞ്ചായത്ത്, ആലപ്പുഴ.
ഐ.കെ.എം, പ്രതീക്ഷ, പാങ്ങപ്പാറ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.